പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 80 | 30.06.2015 ൽ മറുപടിക്ക് |
| --- | --- |

## ആശുപത്രികളിൽ ലാബുകൾ നിർമ്മിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | ശ്രീ. രാജു എബ്രഹാം<br>" കെ.രാധാകൃഷ്ണൻ<br>" സി.കൃഷ്ണൻ<br>ശ്രീമതി. കെ.കെ.ലതിക | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ.) | സർക്കാർ ആശുപത്രികളിൽ എത്തുന്ന സാധാരണക്കാർ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ മറ്റ് താലൂക്ക് ആശുപത്രികൾ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ എന്നിവിടങ്ങളിലും ബ്ലോക്ക് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ചില പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലബോറട്ടറികൾ പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലാബുകൾ തുടങ്ങിയിട്ടില്ല. ലബോറട്ടറികൾ ഇല്ലാത്ത പി.എച്ച്.സി. സി.എച്ച്.സികളിൽ അവ ഘട്ടം ഘട്ടമായി തുടങ്ങുന്നതിനുള്ള നടപടി എൻ.ആർ.എച്ച്.എം വഴി ആരംഭിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രി ലബോറട്ടറികളുടേയും, പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടേയും, സി.എച്ച്.സി ലാബുകളുടേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, കൂടുതൽ ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ടും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ മുൻവർഷങ്ങളിൽ ലബോറട്ടറികൾ ശക്തിപ്പെടുത്തുകയുണ്ടായി. എങ്കിലും എല്ലാവിധ ലബോറട്ടറി പരിശോധനകൾക്കും ഗവ. ആശുപത്രി ലാബുകൾ സജ്ജമാണെന്ന് പറയാനാവില്ല. സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടി വരാറുണ്ട്. ആർ എസ്. ബി.വൈ, |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ്, ആരോഗ്യകിരണം ട്രൈബൽ ഹെൽത്ത് ഇൻഷ്വറൻസ് തുടങ്ങിയ സ്കീമുകളിൽ പെടുത്താൻ കഴിയുന്നവർക്ക് സ്വകാര്യ ലാബുകളുടെ പരിശോധനാചിലവുകൾ ഇതിൽ ഉൾപ്പെടുത്തി സൗജന്യമായി ലഭ്യമാക്കിവരുന്നുണ്ട്. |
| ബി) | താഴെതട്ടിലുള്ള ആശുപത്രികളിൽ മാത്രമല്ല, മെഡിക്കൽ കോളേജുകളിൽ പോലും അത്യാവശ്യ രോഗനിർണ്ണയ പരിശോധനയ്ക്കായി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അത്യാവശ്യരോഗനിർണ്ണയത്തിനുള്ള ലബോറട്ടറി സൗകര്യങ്ങൾ എല്ലാ രോഗികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. അവശ്യ ഘട്ടങ്ങളിൽ ജെ.എസ്.എസ്.കെ / ആർ.എസ്. ബി. വൈ തുടങ്ങിയ പദ്ധതി പ്രകാരം എംപാനൽ ചെയ്ത ലാബുകളിലേക്ക് രോഗികളെ അയയ്ക്കുകയും അതിന്റെ ചെലവ് പദ്ധതിയിൽ നിന്ന് നൽകുകയും ചെയ്യുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലഭ്യമല്ലാത്ത ടെസ്റ്റുകൾ മാത്രമാണ് മേൽപ്പറഞ്ഞ രീതിയിൽ ചെയ്തുവരുന്നത്. |
| സി) | ഡോക്ടർമാരിൽ ചെറുതല്ലാത്ത ഒരു വിഭാഗം നിശ്ചിത സ്വകാര്യ ലാബുകളിൽ തന്നെ പരിശോധിക്കണമെന്ന് രോഗികളോട് ആവശ്യപ്പെട്ട് സർക്കാർ ആശുപത്രികളിലെ സൗകര്യമില്ലായ്മ പണസമ്പാദനത്തിനുള്ള മാർഗ്ഗമാക്കി മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടില്ല ഇത്തരം കാര്യങ്ങൾ മാധ്യമവാർത്തകളിൽ ശ്രദ്ധയിൽപ്പെട്ടതായി കാണുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട പരാതികൾ വകുപ്പിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല |
| ഡി) | പ്രസ്തുത സാഹചര്യത്തിന് അറുതി വരുത്താൻ പ്രാഥമികാരോഗ്യകേന്ദ്രം മുതലുള്ള സർക്കാർ ആശുപത്രികളിൽ ലാബുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും, എൻ. എച്ച്. എം. മുഖേന ലാബുകൾ തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തിരഞ്ഞെടുക്കപ്പെട്ട 500 പ്രാഥമിക ആരോഗ്യ/ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ലാബിന് ആവശ്യമായ തുകയുടെ 20% അതാത് പഞ്ചായത്തും 80% ദേശീയ ആരോഗ്യ ദൗത്യവും വഹിക്കുന്നു. കേരള ജനതയ്ക്ക് കുറഞ്ഞചെലവിൽ കുറ്റമറ്റരോഗനിർണ്ണയം പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. താഴെ പറയുന്ന നിബന്ധനകൾ അനുസരിച്ചാണ് ലാബ് അംഗീകരിക്കുന്നത്.<br>1. ഒരു ലാബ് പ്രവർത്തനക്ഷമമാക്കാൻ ഏകദേശം 3,20,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി തുകയുടെ 20% ചെലവ് അതാത് പഞ്ചായത്തുകൾ വഹിക്കാമെന്ന് കമ്മറ്റി തീരുമാനം.<br>2. ലാബ് ടെക്നീഷ്യന്റെ ശമ്പളം ലാബിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ നിന്നു തന്നെ വഹിക്കാമെന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനം.<br>3. ലാബിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ പ്രതിദിന ഒ.പി. 100 പേർ എത്തുന്ന സ്ഥാപനം ആയിരിക്കണം.<br><br>ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടുള്ള 249 പ്രാഥമിക/ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ 100 ഓളം കേന്ദ്രങ്ങളിൽ ലാബുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ